'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1515/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/07/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.05.2016-ലെ ഇ2(എസ്.സി.01/16/കൊല്ലം)39669/2015നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 31.05.2016-ലെ 5837/ഡി1/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 02.09.2016-ലെ 158/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 28.11.2016-ലെ 158/ഇപിബി2/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. എസ്. സുരേഷ് കുമാർ സമർപ്പിച്ച 27.02.2017-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 15.11.2017-ലെ ഡി6-33029/16 നമ്പർ കത്ത്

7 സ.ഉ.(സാധാ) നം.1056/2018/തസ്വഭവ തീയതി 16.04.2018

8 കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.06.2018-ലെ ഡി1-931/2017 നമ്പർ കത്ത്

9 സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 12.03.2019-ലെ എ1-2/2/2019- കെ.പി.എസ്.സി. നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പത്തനാപുരം കല്ലുംകടവ് എന്ന സ്ഥലത്തെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അനധികൃത നിർമ്മാണം നടന്നിട്ടുള്ള സ്ഥലത്തിന്റെ ചാർജ്ജ് വഹിക്കുന്ന ഓവർസീയർ ടി വിഷയത്തിന്മേൽ പഞ്ചായത്തിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുള്ളതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തുകയും ആയത് പൊളിച്ച് മാറ്റുന്നതിന് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകിയെങ്കിലും ഓവർസീയറുടെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് സെക്രട്ടറി യാതൊരു നടപടികളും സ്വീകരിച്ചില്ലായെന്നും ആയതുവഴി പഞ്ചായത്ത് സെക്രട്ടറി ഗുരുതര കൃത്യവിലോപം നടത്തിയിട്ടുണ്ടെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഓവർസീയർ പഞ്ചായത്ത് സെക്രട്ടറി

മുമ്പാകെ റിപ്പോർട്ട് നൽകിയിട്ടും ആയതിന് എതിരെ യാതൊരുവിധ നടപടികളും സ്വീകരിക്കാതിരുന്ന പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകിയെങ്കിലും ശ്രീ. എസ്. സുരേഷ് കുമാർ 31.03.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സേവനത്തിലിക്കെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (ബി) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. എസ്. സുരേഷ് കുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എസ്. സുരേഷ് കുമാർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതും കെട്ടിട നമ്പർ നൽകിയതും താൻ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന കാലത്തല്ലെന്നും സെക്രട്ടറിയായി താൻ ജോലിയിൽ പ്രവേശിച്ചതിനു ശേഷം തഹസീൽദാർ സ്ഥലം നിശ്ചയിച്ച് തോടും പുറമ്പോക്കും കയ്യേറിയിട്ടുണ്ടെങ്കിൽ ആയത് തരം ചെയ്ത് ലഭിച്ചതാണെങ്കിൽ കെട്ടിടത്തിന് നൽകിയിട്ടുള്ള നമ്പർ ക്യാൻസൽ ചെയ്യും കയ്യേറിയ ഭാഗം പൊളിച്ചുമാറ്റുന്നതിനും നടപടി സ്വീകരിക്കുമായിരുന്നുവെന്നും എന്നാൽ താൻ വിരമിക്കുന്ന 31.03.2016 വരെ തഹസീൽദാറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിരുന്നില്ലായെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. സലീം പഞ്ചായത്തിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. ഷെഫീക്കിന് ടിൻ ഷീറ്റ് മുന്നിലിറക്കിയത് മാറ്റുന്നതിന് മാത്രം നോട്ടീസ് കൊടുക്കുന്നത് ഉചിതമായ നടപടിയല്ലെന്നും പത്തനാപുരം തഹസീൽദാരുടെ റിപ്പോർട്ട് കിട്ടുമെങ്കിൽ ആയത് കൂടി ഉൾപ്പെടുത്തി നോട്ടീസ് കൊടുക്കാമെന്നായിരുന്നു ലക്ഷ്യമെന്നും പണിപൂർത്തീകരിച്ച ഒരു കെട്ടിടത്തിന് ആദ്യം മുന്നിലിറക്കിയ ടിൻ ഷീറ്റ് നീക്കം ചെയ്യുന്നതിന് നോട്ടീസ് കൊടുത്തിട്ട് രണ്ടാം ദിവസം കെട്ടിടഭാഗം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് കൊടുക്കുന്നത് ഒരു ആവശ്യമല്ലെന്ന് തോന്നിയത് കൊണ്ടാണ് ടിൻഷീറ്റ് മാത്രം മാറ്റുവാൻ നോട്ടീസ് കൊടുക്കാതിരുന്നത് എന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

ശ്രീ. എസ്. സുരേഷ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർ ശം ( 6 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. എസ്. സുരേഷ് കുമാർ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം യഥാവിധിയും സുതാര്യമായും നടപ്പാക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ചതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം ( 7 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ( 8 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പത്തനാപുരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സുരേഷ് കുമാർ അല്ല കെട്ടിടനിർമ്മാണ അനുമതിയും നമ്പരും അനുവദിച്ചു നൽകിയത് എങ്കിലും അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്ത അവസരത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിന് വീഴ്ച വരുത്തിയിട്ടുണ്ടെന്നും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിന് നിലവിലെ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണെന്നും തോട് പുറമ്പോക്ക് കൈയ്യേറ്റം സംബന്ധിച്ച് തഹസീൽദാറുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം തുടർനടപടി സ്വീകരിക്കാൻ സെക്രട്ടറിക്ക്

നിർദ്ദേശം നൽകാവുന്നതാണെന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്ത അവസരത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിന് സെക്രട്ടറി എന്ന നിലയിൽ ശ്രീ. എസ്. സുരേഷ് കുമാറിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. എസ്. സുരേഷ് കുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്തുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും പരാമർ ശം ( 9 ) പ്രകാരം കമ്മീഷൻ സർക്കാരിന്റെ മേൽ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പത്തനാപുരം കല്ലുംകടവ് എന്ന സ്ഥലത്തെ അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി കൈക്കൊള്ളാതിരുന്ന മുൻ പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. സുരേഷ് കുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്തുവാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എസ്. സുരേഷ് കുമാർ, മുൻ സെക്രട്ടറി, പത്തനാപുരം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

8. വിജിലൻ സ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി1/871/2018/വിജി. തീയതി 07.08.2018 പ്രകാരം)

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/158/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ